നം.എ.ബി(3)674/14 തീയതി, 19.12.14

കൃഷി വകുപ്പ്

ദർഘാസ് പരസ്യം

കേരള സർക്കാരിനു വേണ്ടി കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,കോട്ടയം താഴെ പറയുന്ന പ്രവൃത്തിക്ക് നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്ന് മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്രവച്ച കവറുകളിൽക്ഷണിച്ചു കൊള്ളുന്നു. കവറിന്റെ പുറത്ത് പ്രവൃർത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 14.01.2015 തീയതി വൈകുന്നേരം 3 മണിവരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും, അന്നേ ദിവസം 3.30 ന് ഹാജരുള്ള കരാറുകാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധിദിവസമായാൽ അടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ക്രമ നം	പ്രവർത്തിയുടെ പേര്	അടങ്കൽ തുക	നിരത ദ്രവ്യം	ദർഘാസ് ഫാറത്തിന്റെ വില	പ്രവർത്തി പൂർത്തിയാക്കേണ്ട കാലാവധി
1	കോഴ മണ്ണ് പരിശോധനാ കേന്ദ്രത്തിന്റെ പെയിന്റിംഗ്	90,000/-	2,300/-	300+വാറ്റ്	2 മാസം

ദർഘാസ് പ്രമാണം, ദർഘാസ് ദിവസം ഒരുമണിവരെ കോട്ടയം വയസ്ക്കരക്കുന്നിലുള്ള കൃഷിഅസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. (ഫോൺനം.0481-2561585) ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത വിൽപ്പന നികുതി അടക്കം ഈ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് വിൽപന നികുതിയടക്കം പ്രത്യേകം വില അടക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കികൊടുക്കുന്നതല്ല.

ദർഘാസ് പത്രിക അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അത് കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതുമാണ്. പൂരിപ്പിച്ച ദർഘാസിനോടൊപ്പം കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം പേരിൽ നിശ്ചിത തുകയ്ക്കുള്ള ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായും, 150/- രൂപയുടെ മുദ്രപത്രത്തിൽ പ്രിലിമിനറി കരാറും സമർപ്പിക്കേണ്ടതാണ്. ദർഘാസ്കവറിനുപുറത്ത് ദർഘാസിന്റെ നമ്പരും പ്രവർത്തിയുടെ പേരും ആലേഖനം ചെയ്തിരിക്കണം. പൊതുമരാമത്ത് വകുപ്പിൽ ദർഘാസിനെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുവാനുള്ള അധികാരം കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയത്തിന് ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

കോട്ടയം